ളെയും പററിയുള്ള പല ഐതിഹ്യങ്ങളും കേരളത്തിലുമുണ്ട്. ചൈന മുതൽ റോമവരെയുള്ള പ്രാചീന നാവികർ സന്ദർശിച്ചിരുന്ന പഴയ മഹോദയപട്ടണത്തിൻെറ അവശിഷ്ടങ്ങളും ഇന്നത്തെ കൊടുങ്ങല്ലൂരിലും പരിസരങ്ങളിലും കാണുന്നില്ല. ഈ തുറമുഖനഗരം കടലിൽ ആഴ്ന്നു പോയിരിക്കാനാണ് ഇട. തക്ഷശിലവരെ പുകഴു പരത്തിയ 'ശ്രീമൂലവാസം' എന്ന ബൗദ്ധക്ഷേത്രം കടലിൽ താഴ്ന്നുപോയി എന്നതിൽ സംശയമൊന്നുമില്ല. തങ്കശ്ശേരിക്കടുത്തു് കടലിൽ പഴയ 'തരിസാപ്പള്ളി' മുങ്ങിക്കിടക്കുന്നതായി വിശ്വസിക്കുന്നവർ കുറവല്ല. ദേശീയ സമുദ്ര വിജ്ഞാനസ്ഥാപനത്തിൻെറ സഹായത്തോടെ കേരളതീരത്തിൽ ഒരു സമുദ്രഗർഭ–പുരാവസ്തു വിജ്ഞാന–പഠനം സംഘടിപ്പിക്കുന്നതു നിഷ്പ്രയോജനമാവാൻ വഴിയില്ല. കൊച്ചി സർവകലാശാല ഇക്കാര്യം പരിഗണിക്കുന്നതു കൊള്ളാം.

(19 ഒക്ടോബർ, 1983)

# 82. ഗണപതി

കേരളത്തിൽ മിക്ക ഹിന്ദുക്ഷേത്രങ്ങളിലും, പ്രധാന പ്രതിഷ്ഠയുടെ വലത്തുവശത്തായി, ഗണപതിയുടെ വിഗ്രഹവും പ്രതിഷ്ഠിച്ചുകാണാം. പ്രധാന പ്രതിഷ്ഠ സ്ഥിതിചെയ്യുന്ന ഗർഭഗൃഹമല്ല, അതിനു പുറത്തു നിർമിച്ച ഒരു ചെറിയ അറയാണു പ്രായേണ എല്ലായിടത്തും ഗണപതിയുടെ ആസ്ഥാനം. പ്രധാന ദേവനെ (അല്ലെങ്കിൽ ദേവിയെ) വന്ദിച്ച ശേഷം, ഗർഭഗൃഹം പ്രദക്ഷിണം വെക്കാൻ തുടങ്ങുമ്പോഴാണ് ആരാധകർ ഗണപതിയെന്ന ഉപദേവൻെറ മുന്നിലെത്തുന്നതു്.

ഗണപതിയെ വന്ദിക്കുന്നവർ വെറുതെ നിന്നു കൈ കൂപ്പിയാൽ മാത്രം പോരാ. ചെറിയൊരു വ്യായാമപദ്ധതിതന്നെയാണ് ഗണപതിവന്ദനം. ഈ പ്രക്രിയ 'ഏത്തമിടുക' എന്ന പേരിൽ അറിയപ്പെടുന്നു. ആദ്യമായി ആരാധകൻ നെഞ്ചിൽ കൈകൾ പിണച്ച് വലംകൈകൊണ്ട് ഇടത്തെ ചെവിയും, ഇടംകൈകൊണ്ടു വലത്തെ ചെവിയും പിടിക്കണം. പിന്നീട് വലംകാലടി ഇടംകാലടിയുടെ ഇടതുവശത്തു വെക്കണം. ഇനി, ചെവികളിലെ പിടുത്തം വിടാതെ കുനിഞ്ഞു കൈമുട്ടുകൾ നിലത്തു മുട്ടിക്കുക. പിന്നെ നിവരുക. വീണ്ടും കുനിയുക. ഇങ്ങനെ പന്ത്രണ്ട് 'ഏത്തം' ഇടലാണു മിനിമം. വേണമെങ്കിൽ ഏത്തത്തിൻെറ എണ്ണം വർദ്ധിപ്പിക്കാം. ഉറക്കെ എണ്ണിക്കൊണ്ടു വേണം ഏത്തമിടാൻ. ഏത്തങ്ങളുടെ എണ്ണം ഗണപതിക്കു ബോദ്ധ്യമാവണമല്ലോ.

ഹിന്ദുക്കളുടെ ദേവതാവന്ദനരീതികളുമായി പരിചയമില്ലാത്തവർക്കു വിനോദകരമായി തോന്നാവുന്ന ഈ ആരാധനാപ്രകാരംപോലെതന്നെ വിനോദകരമാണ് ആരാധനയ്ക്കു വിഷയമാകുന്ന ഗണപതിയുടെ സ്വരൂപവും. കാൽ കുറുകി കുടവയർ ചാടിയ മനുഷ്യശരീരത്തിൽ ഘടിപ്പിച്ച ഒരു കൊമ്പു മാത്രമുള്ള ആനത്തല അവരിലുണർത്തുന്ന പ്രാഥമികവികാരം ഹാസമായിരിക്കും. പക്ഷേ,

ഏകദന്തം മഹാകായം
തപ്തകാഞ്ചന സന്നിഭം
ലംബോദരം വിശാലാക്ഷം
വന്ദേഹം ഗണനായകം

എന്നു വാഴ്ത്തുന്ന ഹിന്ദുവിനു് ഗണപതിയുടെ ആകാരത്തിലെ ഈ പൊരുത്തക്കേടോ, ഗജമുഖൻെറ മൂഷികവാഹനമോ, ഭക്തിയെന്നല്ലാതെ ഹാസ്യത്തെ ഉണർത്തിവിടാറില്ല.

ഗണപതി ഒരു വൈദികദേവതയാണു്. 'ഗണാനാം ത്വാ ഗണപതിം' എന്നു തുടങ്ങുന്ന ഋഗ്വേദസൂക്തം ഗണപതിയെ പ്രകീർത്തിക്കുന്നു. പക്ഷേ, ഋഗ്വേദത്തിലെ ഗണപതി ഗജമുഖൻ ആണോ എന്നു സംശയമുണ്ടു്. ഒരു ഗണത്തിൻെറ (ഒരു സൈന്യവ്യൂഹത്തിൻെറ, അല്ലെങ്കിൽ ഒരു ജനസമൂഹത്തിൻെറ) നായകൻ എന്നേ ഗണപതി എന്ന വാക്കിനു് അർത്ഥമുള്ളു. ഗണപതിയുടെ ഗജമുഖസങ്കല്പത്തിൻെറ ആദിമരൂപം പ്രത്യക്ഷപ്പെടുന്നതു് ബൗദ്ധശില്പങ്ങൾക്കിടയിൽ കാണുന്ന, മൂക്കു നീണ്ടു്, ചെവി പരന്ന, ഒരു യക്ഷനിലാണു് എന്നു കേട്ടിട്ടുണ്ടു്. അതു് എങ്ങനെയിരുന്നാലും, ബൗദ്ധന്മാർ, അവരിൽത്തന്നെ മഹായാനക്കാർ, ഗണപതിയെ ആരാധിച്ചിരുന്നു എന്നതിൽ സംശയമില്ല.

ഗണപതിയുടെ ഇന്നു നമുക്കു പരിചിതമായ രൂപം ആദ്യമായി തെളിഞ്ഞുകാണുന്നതു് പുരാണങ്ങളിലും തന്ത്രഗ്രന്ഥങ്ങളിലുമാണു്. സംസ്കൃതത്തിലുള്ള 'ബൃഹത്സ്തോത്രരത്നാകര'ത്തിൽ സമാഹരിച്ച ഗണപതിസ്തോത്രങ്ങളിലധികവും 'മുദ്ഗല പുരാണ'ത്തിൽനിന്നു് ഉദ്ധരിച്ചവയാണത്രേ. 'ഗണേശപുരാണം' എന്ന ഒരു പുരാണത്തിൻെറ പേരും പറഞ്ഞുകേട്ടിട്ടുണ്ടു്.

മന്ത്രസാധന, രാജയോഗം, പൂജ എന്നിവയുടെ ഒരു സമ്മിശ്രണമാണു തന്ത്രം. അറുപത്തിയഞ്ചു തന്ത്രങ്ങളുള്ളതായി 'സൗന്ദര്യലഹരി'യിൽ പറയുന്നു. എങ്കിലും, തന്ത്രങ്ങളിൽ പ്രധാനപ്പെട്ടവ സൗരം, ഗാണപത്യം, ശൈവം, ശാക്തം, കൗമാരം, വൈഷ്ണവം എന്നിവയാണു്. ഗാണപത്യതന്ത്രത്തിൻെറ ഒരു ലഘുരൂപം 'ഗണപതിഹോമം' എന്ന പേരിൽ കേരളത്തിൽ ഇപ്പോഴും പ്രചരിക്കുന്നുണ്ടു്. ഗണപതിയെ സങ്കല്പിച്ചു് കൊട്ടത്തേങ്ങ ഹോമിക്കലാണു് ഇതിലെ പ്രധാന ചടങ്ങു്. വീടുകളിൽവെച്ചു നടത്തുന്ന ഈ ഹോമത്തിനു പുറമേ, എല്ലാ മംഗലകൃത്യങ്ങളുടെയും പ്രാരംഭത്തിൽ ഗണപതിപൂജ നടത്താറുമുണ്ടു്. വിഘ്നരാജനാണു് ഗണപതി. വിഘ്നങ്ങൾ നീക്കുന്നതിനെന്നപോലെ വിഘ്നങ്ങൾ ഉണ്ടാക്കുന്നതിനും ഗണപതി വിദഗ്ദ്ധനാണു്. അതിനാൽ, വിഘ്നം നീക്കുന്നതിനായി ഗണപതിയെ വന്ദിച്ചശേഷമേ ദേവന്മാർപോലും ഏതെങ്കിലുമൊരു പ്രവൃത്തിയിൽ ഏർപ്പെടാറുള്ളു. ത്രിപുരദഹനത്തിനു പുറപ്പെട്ട ശിവൻ ഗണപതിയെ പൂജിക്കാൻ മറന്നതിനാൽ രഥത്തിൻെറ അച്ചു മുറിഞ്ഞു. ഗണപതിയെ പൂജിച്ചപ്പോൾ ആ വിഘ്നം നീങ്ങിക്കിട്ടുകയുംചെയ്തു. ബലിയെ ബന്ധിക്കാൻ ഉദ്യമിച്ച വാമനനും, ലോകം സൃഷ്ടിക്കാൻ തുടങ്ങിയ ബ്രഹ്മാവും, മഹിഷാസുരനെ സംഹരിക്കാൻ ആഗ്രഹിച്ച പാർവതിയും, എല്ലാം ആദ്യം ഗണപതിയെ പൂജിച്ചു വിഘ്നനിവൃത്തിവരുത്തുകയുണ്ടായി എന്നത്രേ പഴമ.

ഗണപതിയുടെ പല രൂപങ്ങളിലുള്ള പ്രതിമകൾ കാണാനുണ്ടു്. ചെന്താമരയിൽ പത്മാസനത്തിലിരിക്കുന്ന ഗണപതിയെയാണു സാധാരണയായി കാണുക. അദ്ദേഹം നാലു കൈകളിൽ പാശം, അങ്കുശം, ആനക്കൊമ്പു്, മാമ്പഴം (അല്ലെങ്കിൽ മാതളപ്പഴം) എന്നിവ ധരിച്ചിരിക്കുന്നു. തുമ്പിക്കൈ മിക്കപ്പോഴും ഇടത്തോട്ടു ചുരുണ്ടിരിക്കും. അപൂർവമായി അതു വലത്തോട്ടു ചുരുണ്ടും കാണും. 'തുമ്പിക്കൈയിലമർന്ന പൊൻകലശവും' ചില പ്രതിമകളിൽ ഉണ്ടായിരിക്കും. എട്ടു കൈകളുള്ള ഗണപതിപ്രതിമകളുമുണ്ടു്. എഴുന്നേററുനിന്നു നൃത്തംചെയ്യുന്ന വിധത്തിലും ഗണപതിയുടെ ചിത്രങ്ങൾ കണ്ടിട്ടുണ്ടു്.

മുരുക(സുബ്രഹ്മണ്യ)നെപ്പോലെ ഗണപതിയും (പുള്ളെയാരും)

തമിഴ്നാട്ടിലെ ജനകീയദൈവമാണ്. ചാലൂക്യരുടെ തലസ്ഥാനമായിരുന്ന വാതാപി (ബാദാമി) നഗരം ക്രിസ്തുവർഷം 640—ൽ ആക്രമിച്ചു പിടിച്ചടക്കിയ നരസിംഹപല്ലവനാണത്രേ തമിഴ്നാട്ടിൽ ഗണപതിപൂജ പ്രചരിപ്പിച്ചതു്. വാതാപിയിലെ സുപ്രസിദ്ധമായിരുന്ന ക്ഷേത്രത്തിലെ ഗണപതിബിംബം പല്ലവൻ അവിടെനിന്നു് തമിഴ്നാട്ടിലേക്കു കൊണ്ടുവരികയുണ്ടായി. 'വാതാപി ഗണപതി'യെ സ്തുതിക്കുന്ന കീർത്തനം കർണ്ണാടക സംഗീതക്കച്ചേരികളിൽ ഇപ്പോഴും മുഴങ്ങിക്കേൾക്കാറുണ്ടല്ലോ?

എനിക്കു് ഏററവും ആകർഷകമായി തോന്നിയിട്ടുള്ള ഗണപതിവിഗ്രഹം മധുരമീനാക്ഷിക്ഷേത്രത്തിലാണുള്ളതു്. ഭീമാകാരവും അതേസമയം മനോഹരവുമായ ഈ വിഗ്രഹം 'മുക്കുറുണി ഗണപതി' എന്ന പേരിൽ അറിയപ്പെടുന്നു. പറപോലെ ധാന്യം അളക്കുന്നതിനുള്ള ഒരു അളവാണു് കുറുണി. മൂന്നു കുറുണി അരികൊണ്ടുണ്ടാക്കിയ വലിയ അപ്പം നിവേദിക്കുന്നതിനാലാണു് ഈ ഗണപതിക്കു് 'മുക്കുറുണി' എന്ന പേരു വന്നതു്. ഗണപതി ലംബോദരൻ മാത്രമല്ല, ഭക്ഷണപ്രിയനുമാണു്. മലയാളത്തിലെ കൂത്തമ്പലങ്ങളിലും തുള്ളൽത്തട്ടുകളിലും പ്രഖ്യാതമാണു് ഗണപതി പ്രാതലിൻെറ ഇതിഹാസം. വൈശ്രവണൻ ഒരുക്കിയ അളവററ വിഭവങ്ങളും, അവ തയ്യാറാക്കിയ പാത്രങ്ങളും, പന്തലും, പടിപ്പുരയും എല്ലാം തിന്നശേഷവും വിശപ്പു ശമിക്കാതിരുന്ന ഗണപതിയെ സാന്ത്വനിപ്പിക്കാൻ പിതാവായ ശിവൻതന്നെ വേണ്ടിവന്നു.

ഗണപതിയുടെ ഒരു കൊമ്പൊടിഞ്ഞതിനുള്ള കാരണം, 'ശിഷ്യനും മകനും' എന്ന മനോഹരമായ ഖണ്ഡകാവ്യത്തിൽ മഹാകവി വള്ളത്തോൾ വിവരിച്ചിട്ടുണ്ടു്. വള്ളത്തോൾതന്നെ ഗണപതിയുടെ ഉല്പത്തികഥ 'ഗണപതി' എന്ന ഖണ്ഡകാവ്യത്തിൽ പ്രതിപാദിച്ചിരിക്കുന്നു.

ഇതിലുള്ള,

> 'വെണ്ണതോല്ക്കുമുടലിൽസ്സുഗന്ധിയാ—
> മെണ്ണതേ,ച്ചരയിലൊററ മുണ്ടുമായ്
> തിണ്ണമേലമരുമാ നതാംഗി മു—
> ക്കണ്ണനേകി മിഴികൾക്കൊരുത്സവം'

എന്ന പദ്യം ഒരു തലമുറ മുമ്പു് കേരളത്തിലെ മിക്ക യുവരസികരും മൂളിക്കൊണ്ടു നടന്നിരുന്നു. കുളി കുളത്തിൽനിന്നു കുളിമുറിയിലേക്കു മാറിയതിൻ ഫലമായി അത്തരം ഉത്സവങ്ങൾ കാണാൻ കിട്ടാതായതുകൊണ്ടായിരിക്കാം, ഇമ്മാതിരി ഖണ്ഡകാവ്യങ്ങൾ ഇന്നത്തെ യുവരസികരെ ആകർഷിക്കാതായതു്.

കേരളക്ഷേത്രങ്ങളിലെ ഗണപതി ബ്രഹ്മചാരിയാണു്. എന്നാൽ, സിദ്ധി, ബുദ്ധി എന്ന രണ്ടു പത്നിമാരെക്കൂടി ഗണപതിയോടൊപ്പം പ്രതിഷ്ഠിച്ചു പൂജിക്കുന്ന ക്ഷേത്രങ്ങൾ തമിഴ്നാട്ടിലുണ്ടു്. ഇവർക്കു പുറമേ, മോദ, പ്രമോദ, സുമുഖ, സുന്ദരി, മനോരമ, മംഗല, കേശിനി, കാന്ത, ചാരുഹാസ, സുമധ്യമ, നന്ദിനി, കാമദ മുതലായി ഒട്ടുവളരെ പത്നിമാർ ഗണപതിക്കുണ്ടായിരുന്നുവെന്നും ചിലേടങ്ങളിൽ പ്രസ്താവിച്ചു കണ്ടിട്ടുണ്ടു്.

ഇതൊന്നും പറയാനല്ല ഈ കുറിപ്പു് എഴുതിത്തുടങ്ങിയതു്. തൊട്ടതിൽത്തൊട്ടു് ഇത്രയും എഴുതിപ്പോയെന്നേയുള്ളു. പറയാൻ വന്നതു മറെറാരു കാര്യമാണു്. മഹായാനബുദ്ധമതക്കാർ ഗണപതിയെ ആരാധിച്ചിരുന്നുവെന്നു് മുമ്പു പ്രസ്താവിച്ചുവല്ലോ? ബുദ്ധമതം ചൈനയിലും ജപ്പാനിലും ചെന്നെത്തിയപ്പോൾ അതോന്നിച്ചു് ഗണപതിപൂജയും ഈ വിദൂര പൗരസ്ത്യ രാജ്യങ്ങളിൽ എത്തിച്ചേരുകയുണ്ടായി. ഗണപതിപൂജ

ഇപ്പോഴും ചൈനയിലും ജപ്പാനിലും നിലനിൽക്കുന്നുണ്ടെന്ന് 'പൂണേ' യിൽനിന്നു പ്രസിദ്ധീകരിക്കുന്ന 'ഇതിഹാസപത്രിക'യുടെ ഡിസംബർ ലക്കത്തിലുള്ള ഒരു ലേഖനത്തിൽ പ്രസ്താവിച്ചിരുന്നു.

ചൈനയിലും ജപ്പാനിലും ഗണപതിയുടെ തല മാത്രമല്ല, ഉടലും ആനയുടേതുതന്നെയാണ്. അതായത്, പൂർണ ഗജരൂപം. ചിലപ്പോൾ അന്യോന്യം ആലിംഗനംചെയ്തുനിൽക്കുന്ന രണ്ട് ആനകളുടെ രൂപത്തിലും അവർ ഗണപതിയെ ചിത്രീകരിക്കുന്നു. ഇവയിൽ ഒന്ന് കൊമ്പനാനയും മറേറതു പിടിയാനയുമാണ്. ഈ ഇരട്ട ആനകൾക്ക് ചൈനയിൽ 'ഷോടെൻ'എന്നും 'കാൻഗിടെൻ' എന്നും പേരുണ്ടത്രെ. കെട്ടിപ്പിടിച്ച നിലയിലല്ലാതെ, പുറത്തോടു പുറം ചേർന്നു നിൽക്കുന്ന മട്ടിലും ഈ ഇരട്ട ആനകളെ പ്രതിനിധാനംചെയ്യാറുണ്ട്. ഈ പ്രതിമകളെ അവർ പ്രത്യേകമായി ഒരു പെട്ടിയിൽ അടച്ചു സൂക്ഷിക്കുകയും രഹസ്യമായി പുറത്തെടുത്തു പൂജിക്കുകയുംചെയ്യുന്നു.

നാം അറിയുന്ന ഗണപതി പുരുഷനാണ്. പക്ഷേ, 'ഗണേശമണി' എന്നും 'വിനായകി' എന്നും പേരുകളിൽ സ്ത്രീരൂപത്തിലും ഇന്ത്യയിൽ ഗണപതിയെ പൂജിക്കാറുണ്ടെന്ന് 'ഇതിഹാസപത്രി'കയിലെ ലേഖനത്തിൽ പറഞ്ഞിരിക്കുന്നു.

ജപ്പാനിൽ ഗണപതിയുടെ വിഗ്രഹം (ഷോടെൻ അല്ലെങ്കിൽ കാൻഗിടെൻ) പ്രതിഷ്ഠിച്ച ഇരുന്നൂറിലധികം ക്ഷേത്രങ്ങൾ ഉണ്ടത്രേ. സൗഭാഗ്യത്തിനും വിജയത്തിനും വേണ്ടിയാണ് ജപ്പാൻകാർ ഗണപതിപൂജ നടത്തുന്നതു്. ജപ്പാനിലെ 'നോസക'എന്ന തിരക്കേറിയ വ്യാവസായിക നഗരത്തിലെ വലിയ ക്ഷേത്രത്തിൽ ഗണപതിപൂജയ്ക്കു മാത്രമായി ഒരു മുഴുസമയ പുരോഹിതനെ നിയമിച്ചിരിക്കുന്നു. ചൈനയിൽ തുങ്ഹാങ് എന്ന സ്ഥലത്തു് പാറയിൽ കുഴിച്ചുണ്ടാക്കിയ ഒരു ഗുഹയിൽ സൂര്യൻ, ചന്ദ്രൻ, കാമദേവൻ, നവഗ്രഹങ്ങൾ മുതലായ ഹൈന്ദവദേവതകളോടൊപ്പം ഗണപതിയെക്കൂടി ഒരു ചുവർച്ചിത്രത്തിൽ വരച്ചിരിക്കുന്നു. ഈ ചിത്രം ക്രിസ്തുവർഷം ആറാം നൂററാണ്ടിൽ നിർമിക്കപ്പെട്ടതാണത്രേ.

അടുത്ത തവണ അമ്പലത്തിൽച്ചെന്നു് ഗണപതിയുടെ മുമ്പിൽ ഏത്തമിടുമ്പോൾ ഗണപതിയുടെ ഈ അന്താരാഷ്ട്രീയരൂപംകൂടി ഓർമിക്കുക.

(5 ഫെബ്രുവരി, 1984)

# 83. പഴനി ആണ്ടവൻ അലിയുന്നു!

തമിഴ്നാടിന്റെ പരദൈവമാണ് മുരുകൻ. (സുബ്രഹ്മണ്യൻ, സ്കന്ദൻ). താരകാസുരനെതിരെ ദേവസേനയെ നയിക്കുവാനത്രെ ശിവപുത്രനായി മുരുകൻ അവതരിച്ചതു്. സേനാപതി ആയതിനാൽ മുരുകന്റെ ക്ഷേത്രങ്ങളെ 'പടവീടുകൾ' എന്നു വിളിക്കുന്നു. തമിഴ്നാട്ടിൽ മുരുകന്റെ ആറു പടവീടുകൾ ഉണ്ട്. ഇവയിൽ പ്രധാന ഒന്നാണ് തിരു—ആവിനൻകുടി. ഈ സ്ഥലം ഇപ്പോൾ 'പഴനി' എന്ന പേരിലറിയപ്പെടുന്നു. ഇവിടെവെച്ച് ജ്ഞാനപ്പഴം ആവശ്യപ്പെട്ട മുരുകനോട് പിതാവായ ശിവൻ 'പഴം നീ' എന്നു പറഞ്ഞതായും, ആ ചൊല്ല് പിന്നീട്'പഴനി' എന്നു മാറിയതായും സ്ഥലപുരാണം പറയുന്നു. പഴനിക്കു പണ്ട് 'പൊതിനി' എന്ന പേരും ഉണ്ടായിരുന്നു. പഴയ തമിഴ്നാട്ടിൽ ആധിപത്യം വഹി